# പട്ടയമേള സംസ്ഥാനതല ഉദ്ഘാടനം

തിരുവനന്തപുരം

24.11.2009

പട്ടയമേളയുടെ സംസ്ഥാനതല ഉദ്ഘാടനം ഏറെ സന്തോഷ ത്തോടെ നിർവ്വഹിച്ചതായി അറിയിക്കുന്നു. ഈ മാസവും അടുത്ത മാസവുമായി എല്ലാ ജില്ലകളിലും നടക്കുന്ന പട്ടയമേളയിലൂടെ അരലക്ഷം കുടുംബങ്ങളാണ് ഭൂമിയുടെ ഉടമകളാകാൻ പോകു ന്നത്. കഴിഞ്ഞ മൂന്നരക്കൊല്ലത്തിനിടയിൽ അറുപത്തീരായിര ത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുകയുണ്ടായി. അതിനു പുറമെ ആദിവാസി പുനരധിവാസപദ്ധതിയുടെ ഭാഗമായി പതിനാലായിരത്തിൽപ്പരം കുടുംബങ്ങൾക്ക് പട്ടയമോ കൈവശാ വകാശരേഖയോ നൽകി.

ഇടുക്കി ഉൾപ്പെടെയുള്ള അഞ്ച് ജില്ലകളിലെ കുടിയേറ്റകൃഷിക്കാർ പതിറ്റാണ്ടുകളായി പട്ടയത്തിനുവേണ്ടി കാത്തിരിക്കുകയാണ്. 1977നു മുമ്പ് അവർ കൈവശംവെച്ചനുഭവിക്കുന്ന ഇരുപത്തെണ്ണായി രത്തിലധികം ഹെക്ടർ ഭൂമിക്ക് പട്ടയം നൽകാമെന്ന് സുപ്രീം കോടതി വിധിവന്നു. ആ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ പതിനായിരം കുടിയേറ്റ കർഷകരുൾപ്പെടെയുള്ളവർക്കുള്ള പട്ടയം ഇപ്പോഴത്തെ പട്ടയമേളകളിലൂടെ നൽകുകയാണ്. കയ്യേറ്റമൊഴിപ്പി ക്കൽ യത്നത്തിലൂടെ ഏറ്റവുമധികം ഭൂമി വീണ്ടെടുത്തത്

മൂന്നാറിലും പരിസരപ്രദേശങ്ങളിലുമാണ്. അങ്ങനെ വീണ്ടെടുത്ത ഭൂമിയിൽ 128 ഏക്കർ 1044 കുടുംബങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കയ്യേറ്റമൊഴിപ്പിച്ച് വീണ്ടെടുത്ത ഭൂമിയിൽ താമസയോഗ്യ മായ സ്ഥലം ഭൂരഹിതർക്ക് വിതരണംചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകുന്ന നടപടി ഏതാനും മാസത്തിനകം പൂർത്തിയാകും. ആദിവാസി വനാവകാശനിയമപ്രകാരമുള്ള വനാവകാശരേഖ വിതരണം രണ്ടുമാസത്തിനകം പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് വെക്കാനെങ്കിലു മുള്ള ഭൂമി, വീടില്ലാത്ത മുഴുവൻ ദരിദ്രകുടുംബങ്ങൾക്കും വാസയോഗ്യമായ വീട് എന്നതാണ് സർക്കാർ അടിയന്തിരലക്ഷ്യ മായി ഏറ്റെടുത്തിട്ടുള്ളത്. എല്ലാ കുടുംബത്തിനും സ്ഥലവും വീടുമുള്ള സംസ്ഥാനമായി, 2011 ഓടെ കേരളം മാറാൻ പോവുക യാണ്. ആ കാലയളവാകുമ്പോഴേക്കും എല്ലാവീട്ടിലും വൈദ്യുതി യുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയും പുരോഗമിക്കുകയാണ്.

ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്ന തിനും വികസനപദ്ധതികൾ നടപ്പാക്കുന്നതിനും നമുക്ക് ഭൂമി ആവശ്യമുണ്ട്. കയ്യേറ്റക്കാർ കയ്യടക്കിയ ഭൂമി വീണ്ടെടുത്തു കൊണ്ടും മുഴുവൻ മിച്ചഭൂമിയും സർക്കാരിൽ നിക്ഷിപ്തമാക്കി ക്കൊണ്ടുമേ അത് സാധ്യമാകൂ. കയ്യേറ്റമൊഴിപ്പിച്ച് പൊതുഭൂമി വീണ്ടെടുക്കുന്നതിന് ഐതിഹാസികമായ ഒരു യത്നം രണ്ടുവർഷം മുമ്പ് നാം തുടങ്ങുകയുണ്ടായി. മൂന്നാറിൽമാത്രം പന്തീരായിരം

ഏക്കർ ഉൾപ്പെടെ സംസ്ഥാനത്താകെ പതിനയ്യായിരത്തിൽപ്പരം ഏക്കർ ഭൂമി വീണ്ടെടുക്കാൻ നമുക്ക് കഴിഞ്ഞു. ആ പ്രക്രിയ ഇനിയും പൂർണതയിലെത്തിയിട്ടില്ല. ആയിരക്കണക്കിനേക്കർ മിച്ച ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടക്കുകയാണ്. സിവിൽ കേസുകൾ തീർപ്പാക്കാൻ പതിറ്റാണ്ടുകൾ വേണ്ടിവരുന്നത് നീതിക്ക് പ്രതിബന്ധമാവുകയാണ്. പാട്ടത്തിന് നൽകിയ സ്ഥലങ്ങളുടെ ഉടമകൾ കരാർ ലംഘിച്ചിട്ടും ആ സ്ഥലങ്ങൾ വീണ്ടെടുക്കാൻ കഴിയുന്നില്ല. തിരുവനന്തപുരത്തെ പഴയ ബ്രിട്ടീഷ് ലൈബ്രറിയുടെയും ഗോൾഫ് ക്ലബ്ബിന്റേയുമെല്ലാം സ്ഥലങ്ങൾ വീണ്ടെടുക്കാൻ സർക്കാർ ശ്രമിച്ചിട്ടും അനന്തമായി വൈകുകയാണ്. അവകാശപ്പെട്ടതിലധികം ഭൂമി കയ്യടക്കിവെച്ച പാട്ടക്കാരിൽനിന്നും അധികമുള്ള ഭൂമി വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങളും ഉദ്ദേശിച്ച വേഗത്തിൽ നീങ്ങുന്നില്ല. കേസുകളും സാങ്കേതികത്വങ്ങളുമാണ് കാരണം. ഹെക്ടറിന് അഞ്ചോ പത്തോ രൂപ പാട്ടം നൽകിയാണ് ആയിരക്കണക്കിനേക്കർ ഭൂമി പലരും കൈവശം വെച്ചിരിക്കുന്നത്. അതിൽ വമ്പിച്ച വർധനവരുത്താൻ ഇപ്പോൾ സംസ്ഥാനഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. പാട്ടക്കരാർ ലംഘിക്കുന്ന പാട്ടഭൂമി വീണ്ടെടുക്കാനും പാട്ടത്തുക വർധിപ്പിക്കാനും ദൃഢനിശ്ചയം ചെയ്ത് മുന്നോട്ടുപോവുകയാണ് സർക്കാർ. ഉദ്യോഗസ്ഥരും സർക്കാരിന്റെ അഭിഭാഷകരും കാര്യക്ഷമതയും ആത്മാർത്ഥതയും ജനങ്ങളോടുള്ള പ്രതിബദ്ധതയും കാട്ടിയാലേ ഇത് വിജയിപ്പിക്കാനാവൂ.

ഭൂപരിഷ്ക്കരണം നിലവിൽ വന്നകാലത്ത് തോട്ടങ്ങളായതുകൊണ്ട് പതിനായിരക്കണക്കിനേക്കർ ഭൂമി ഭൂപരിധിനിയമത്തിൽനിന്നും പുറത്തായിരുന്നു. ആ തോട്ടങ്ങൾ ഇപ്പോൾ അതേപടി തോട്ടങ്ങൾ

തന്നെയായി തുടരുന്നുണ്ടോ? ഇല്ലെങ്കിൽ അത് മുറിച്ചുവില്പന നടത്തുകയും പിന്നീട് തരംമാറ്റുകയും ചെയ്തിട്ടുണ്ടോ? സ്ഥലങ്ങൾ വിഭജിക്കുകയും വില്പന നടത്തുകയും ചെയ്യുമ്പോഴും റവന്യൂ ഉദ്യോഗസ്ഥരും രജിസ്ട്രേഷൻ ഉദ്യോഗസ്ഥരും ഇതൊക്കെ പരിശോധിക്കുന്നുണ്ടോ? തോട്ടങ്ങൾ തോട്ടങ്ങളല്ലാതായി മാറിയാൽ ഭൂപരിധി നിയമത്തിന്റെ ഇളവിനർഹമല്ലെന്ന ബോധം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടോ എന്നതാണ് ചോദ്യം. മുറിച്ചു ചെറിയ കഷണങ്ങളാക്കിയാലും തരംമാറ്റാൻ അധികാരമില്ല. അങ്ങനെ ചെയ്യുന്നുവെങ്കിൽ തരംമാറ്റിയ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകേണ്ടതാണ്. പല പേരുകളിലും പലപല കമ്പനികളുടെ പേരിലുമെല്ലാം സ്ഥലം വാങ്ങിക്കൂട്ടി ലാൻഡ് ബാങ്കുണ്ടാക്കി കൃത്രിമവിലക്കയറ്റമുണ്ടാക്കി വില്പന നടത്തുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളുണ്ട്. ലാൻഡ് ബാങ്കുണ്ടാക്കി വാങ്ങുകയും വിൽക്കുകയും ചെയ്യാൻ സ്വകാര്യവ്യക്തികൾക്കോ സ്വകാര്യ കമ്പനികൾക്കോ അവകാശമില്ല. റവന്യൂ രജിസ്ട്രേഷൻ വകുപ്പുദ്യോഗസ്ഥർ ജാഗ്രത പാലിക്കുകയും ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നുറപ്പ് വരുത്തുകയും ചെയ്യണം. ഭൂമിയുടെ അമിതവില നിയന്ത്രിക്കുക, എല്ലാ കുടുംബത്തിനും ഭൂമിയിൽ അവകാശമുണ്ടാക്കുക, വികസനാവശ്യങ്ങൾക്ക് ഭൂമി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ വിജയിപ്പിക്കാൻ എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം.

☆☆☆☆☆